# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൻ.ആർ.സി12/20/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൻ.ആർ.സി12/20/23 തീയ്യതി: 27/03/2023

## കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 30-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 30-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി.കിഴക്കീൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഷഹീൻ.പി,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി **(വരെ)** |
|---|---|---|---|

| | | (മുതൽ) | |
|---|---|---|---|
| ശ്രീ.കെഎം ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പ്രസന്നകുമാർ.എൻ.എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഷ്മ എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 14-04-2021 |
| ശ്രീ .രൂപേഷ് ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-04-2021 | 13-10-2021 |
| ശ്രീ.ഷംനാദ് ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2021 | 31-03-2022 |
| ശ്രീ.ജോസഫ് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ.അജിത് കുമാർ വിപി | അസിസ്റ്റന്റ് സെക്രട്ടറി | 01-05-2021 | 21-07-2021 |
| ശ്രീജിത്ത് കുമാർസിസി | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2021 | 01-02-2022 |
| ശ്രീ.ടെറൻസ് ജെ | അസിസ്റ്റന്റ് സെക്രട്ടറി | 02-02-2022 | 31-03-2022 |
| ശ്രീ. മുഹമ്മദ് ബഷീർ | വി ഇ ഒ , ആലക്കോട് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ വിജയൻ | വി ഇ ഒ , തേർത്തല്ലി സർക്കിൾ | 01-04-2021 | 31-03-2022 |
| ഡോ ബിൻസി ജോസഫ് | മെഡിക്കൽ ഓഫീസർ എഫ്എച്ച്സി | 01-04-2021 | 31-03-2022 |
| ശ്രീമതി ജിജി. ജെ | കൃഷി ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീമതി.നിഷ ജോസഫ് | കൃഷി ഓഫീസർ | 28-10-2021 | 22-12-2021 |
| ശ്രീ.അതുൽ വി | കൃഷി ഓഫീസർ | 23-12-2021 | 01-02-2022 |
| ശ്രീ.അമൽ വിജയ് | കൃഷി ഓഫീസർ | 02-02-2022 | 31-03-2022 |
| ശ്രീമതി.സജന കായക്കീൽ | ശിശു വികസന പ്രൊജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷിജി കെ ജോസഫ് | ഹെഡ് മാസ്റ്റർ | 01-04-2021 | 25-10-2021 |
| ശ്രീ.മധുസൂദനൻ എസ് പി | ഹെഡ് മാസ്റ്റർ | 26-10-2021 | 31-03-2022 |
| ഡോ മുഹമ്മദ് ബഷീർ | വെറ്ററിനറി സർജൻ | 01-04-2021 | 31-05-2021 |
| ഡോ ബിജോ. ജെ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-06-2021 | 05-09-2021 |
| ഡോ മനോജ് ലാൽ | വെറ്ററിനറി സർജൻ | 06-09-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ ഇന്ദിര കെ ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-05-2021 |
| ഡോ ഷാജു ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-06-2021 | 03-12-2021 |
| ഡോ കെഎസ് സിംല | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 04-12-2021 | 31-03-2022 |
| ശ്രീമതി. അൽഫോൺസാ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാന | 1-9 |
| 11 | വസ്തു നികുതി നിരക്ക് നിശ്ചയിച്ചതിൽ അപാകം-വസ്തുനികുതി ഈടാക്കിയതിൽ ₹32702 യുടെ കുറവ് | 1-10 |
| 12 | അൺ എയിഡഡ് കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി ഡിമാൻഡ് ചെയ്തില്ല.₹60704 നഷ്ടം | 1-11 |
| 13 | 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി. | 1-12 |
| 14 | പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതിയിൽ ഇളവ് നൽകി. | 1-13 |
| 15 | റെഗുലറൈസേഷൻ ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു -₹1814 ഈടാക്കേണ്ടതാണ്. | 1-14 |
| 16 | ക്രഷറിൽ പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾക്ക് മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല-₹13325 യുടെ നഷ്ടം | 1-15 |
| 17 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-16 |
| 18 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - പദ്ധതി നിർഹണത്തിലെ അപാകങ്ങൾ | 1-17 |
| 19 | മൃഗാശുപത്രിയിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ -പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. | 1-18 |
| 20 | പട്ടികജാതി വിഭാഗക്കാർക്കുള്ള ലൈഫ് ഭവന നിർമ്മാണം-അഡ്വാൻസ് തുക വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-19 |
| 21 | ഭവന പുനരുദ്ധാരണം (ജനറൽ) - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ – 400000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. | 1-20 |

| | | |
|---|---|---|
| 22 | ആലക്കോട് മോറാനി പാലം ഫീസിബിലിറ്റിക്ക് തുക നൽകൽ - ഫീസിബിലിറ്റി സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല | 1-21 |
| 23 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-22 |
| 24 | അങ്കണവാടികൾക്ക് കണ്ടെയ്നർ, പാത്രം, ഫർണ്ണിച്ചർ, കളിപ്പാട്ടം എന്നിവ വാങ്ങൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-23 |
| 25 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല | 1-24 |
| 26 | ആയുർവ്വേദ ആശുപത്രിയിലെ കണ്ടിജൻറ് ചെലവുകൾ - അപാകതകൾ | 1-25 |
| 27 | തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല | 1-26 |
| 28 | സാന്ത്വന പരിചരണം - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-27 |
| 29 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-28 |
| 30 | അങ്കണവാടികൾ - ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-29 |
| ഭാഗം **2** | | |
| 1 | അൺ എയിഡഡ് കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി ഡിമാൻഡ് ചെയ്തില്ല.₹60704 നഷ്ടം | 2-1 |
| 2 | വസ്തു നികുതി നിരക്ക് നിശ്ചയിച്ചതിൽ അപാകം-വസ്തുനികുതി ഈടാക്കിയതിൽ ₹32702 യുടെ കുറവ് | 2-2 |
| 3 | രാജിയാക്കൽ ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു-₹1814 ഈടാക്കേണ്ടതാണ്. | 2-3 |
| 4 | ക്രഷറിൽ പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾക്ക് മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല-₹13325 യുടെ നഷ്ടം | 2-4 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Alakkode GP Receipt And Payment Statement | |
| 4 | Income And Expenditure Statement. | |
| 5 | Balance Sheet | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ബജററിന്റെയും പുതുക്കിയ ബജറ്റിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | തീരുമാനം തീയ്യതി | പുതുക്കിയ ബജറ്റ് | തീരുമാനം& തീയ്യതി |
|---|---|---|---|---|
| മുന്നിരിപ്പ് | 15941871.45 | 1/1/21(19 /2/21) | 30104693.45 | 4(44)21-3-22 |
| വരവ് | 303693050.00 | | 364918919 | |
| ആകെ | 319634921.45 | | 395023612.45 | |
| ചെലവ് | 312136306.00 | | 376552978. | |
| നീക്കിയിരിപ്പ് | 7498615.45 | | 18470634.45 | |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 19.05.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കുകളിലെ അപാകങ്ങൾ

1- വസ്തു നികുതിയിനത്തിൽ 30-03-2022 ൽ ലഭിച്ച 53,530 രൂപയുടെ ചെക്ക് നാളിതുവരെയായി വരവിൽ വന്നിട്ടില്ല.

2- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആകെ ചെലവ് ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ട് പ്രകാരം 473.18 ലക്ഷം രൂപയാണ് എന്നാൽ വാർഷിക കണക്ക് I-6 ഷെഡ്യൂൾ പ്രകാരം 577.46 ലക്ഷം രൂപയാണ്.

3-വിവിധ ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭിച്ച തുക വിനിയോഗിക്കുകയോ വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

| Code | Particular | തുക |
|---|---|---|
| 320100126 | PYCKA | 370825 |
| 320100204 | MP FUND | 15422 |
| 320200323 | Grant For Keralolsavam | 20000 |
| 320400199 | KSFE | 490000 |
| 320700104 | ഒറ്റത്തൈ ഫൂട്ട് ബ്രിഡ്ജ് | 200483 |
| | പെരുവട്ടം അംഗൻ വാടി ബിൽഡിംഗ് | 300000 |
| 320700204 | ലൈഫ് ഭവന പദ്ധതി | 36667 |
| | ഭിന്ന ശേഷി സ്കോളർഷിപ്പ് | 1587 |
| | തരിശ് രഹിത പച്ചക്കറി കൃഷി | 99365 |
| 320700205 | ഭിന്ന ശേഷി സ്കോളർഷിപ്പ് | 5350 |
| | ക്ഷീരകർഷകർക്ക് ഇൻസന്റീവ് | 215842 |
| | കാവുംകുടി കമ്മ്യൂണിറ്റിഹാൾ നവീകരണം | 76726 |
| 320300199 | ആയുർവ്വേദ ആശുപത്രിയുടെ നവീകരണം | 457246 |
| | ചാലഞ്ച് ഫണ്ട് | 698225 |
| | പോളിംഗ് സ്റ്റേഷൻ അറേഞ്ച് മെന്റ് | 7900 |
| | കാമ്പ്യിംഗ് ചാർജ് | 7660 |

4- വിവിധ ആവശ്യത്തിന് മുൻവർഷങ്ങളിൽ നൽകിയ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു

| Code | Particular | തുക |
|---|---|---|
| 460600101 | Electricity Deposit | 32123 |
| 460500501 | Advance To Implementing Officers | 131618 |
| 460500202 | Deposit With KSEB | 3399922 |

5- വസ്തുനികുതി തൻവർഷ കുടിശ്ശിക ഡി.സി.ബി പത്രിക പ്രകാരം 52267 രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം 53431 രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

6- ആസ്തികളുടെ മൂല്യം കണക്കാക്കിയത് വ്യക്തമാക്കുന്നതിന് അനുസൃതമായി ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7- വാർഷിക ധനകാര്യ പത്രിയിലെ തുകകൾ പൂർണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,24,67,239 |
| വരവ് | 12,71,29,112 |
| ആകെ | 15,95,96,351 |
| ചെലവ് | 11,69,06,182 |
| നീക്കിയിരിപ്പ് | 42690169 |
| വരവ് നഷ്ടം | 108545 |
| ചെലവ് നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 400000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 29364000 | 29364000 | 29189660 | 174340 |
| വികസന ഫണ്ട്.എസ്.സി.പി | 0 | 1907000 | 1907000 | 1907000 | 0 |
| വികസന ഫണ്ട് ടിഎസ് പി | 0 | 3176000 | 3176000 | 3176000 | 0 |
| മെയിന്റനെൻസ് റോഡ് | 0 | 18953000 | 18953000 | 18866967 | 86033 |
| മെയിന്റനെൻസ് റോഡിതരം | 0 | 10322108 | 10322108 | 6040201 | 4281907 |
| ധനകാര്യം ബേസിക് (സ്പില്ലോവർ) | 0 | 1783410 | 1783410 | 1258926 | 524484 |
| ധനകാര്യം ടൈഡ്(സ്പില്ലോവർ) | 0 | 7386333 | 7386333 | 3364943 | 4021390 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ടൈഡ് | | 0 | 8202000 | 8202000 | 1374144 | 6827856 |
| ധനകാര്യ ബേസിക് ഗ്രാൻറ് | | 0 | 5584847 | 5584847 | 5019268 | 565579 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ഐസിഡിഎസ് | | 634599 | 1364820 | 1999419 | 1996119 | 3300 |
| ടി.എസ്.സി. | | 2500 | 0 | 2500 | 0 | 2500 |
| എംപിഫണ്ട് | | 15013 | 409 | 15422 | 0 | 15422 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | | 0 | 0 | 0 | 0 | 0 |
| എസ്എസ്എ | | 115898 | 3286 | 119184 | 117571 | 1613 |
| ഡബ്യൂജിഡിപി | | 2648 | 46 | 2694 | 2684 | 10 |
| പൈക്ക | | 360980 | 9845 | 370825 | 0 | 370825 |
| എംജിഎൻ ആർഇജിഎസ് | ഭരണ ചെലവ് | 0 | 788640 | 788640 | 762617 | 26023 |
| | കൂലിചെലവ് മെറ്റീരിയൽ | 0 | 56983718 | 56983718 | 56983718 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ശുചിത്വമിഷൻ | | 0 | 1648815 | 1648815 | 1245000 | 403815 |
| കേരളോൽസവം | | 20000 | 0 | 20000 | 0 | 20000 |
| സോളിഡ് വേസ്റ്റ് | | 1416250 | 0 | 1416250 | 1240808 | 175442 |
| ലൈബ്രറി ഗ്രാന്റ് | | 20050 | 17550 | 37600 | 21900 | 15700 |
| സാക്ഷരത | | 2676 | 72 | 2748 | 0 | 2748 |
| ലൈഫ് ഭവന പദ്ധതി | | 800000 | 0 | 800000 | 240000 | 560000 |
| ജലനിധി | | 448209 | 1054060 | 1502269 | 449119 | 1053150 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാൻറ് | | 2913785 | 590544 | 3504329 | 1766154 | 1738175 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ചത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം | പദ്ധതി ചെലവ് |
|---|---|---|---|---|---|---|---|
| 223 | 172082422 | 184 | 43 | 11 | 169 | 75.78 | 102439566 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 8 | 7406707 | 6869322 | 92.74 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 10860600 | 10291400 | 94.75 |
| 3 | മെഡിക്കൽഓഫീസർ (എഫ്.എച്ച്.സി) | 8 | 7 | 3370000 | 3147398 | 93.39 |
| 4 | മെഡിക്കൽഓഫീസർ ( ആയുർവ്വേദം) | 4 | 3 | 1356000 | 1350000 | 99.55 |
| 5 | വി.ഇ.ഒ, ആലക്കോട് സർക്കിൾ | 17 | 10 | 12540700 | 6748750 | 53.81 |
| | വി.ഇ.ഒ, തേർത്തല്ലി സർക്കിൾ | 14 | 13 | 50431540 | 10786768 | 21.38 |
| 6 | ഐ സി ഡിഎസ് സൂപ്പർവൈസർ | 12 | 11 | 9975750 | 9636162 | 96.59 |

| | | | | | | |
|---|---|---|---|---|---|---|
| 7 | സെക്രട്ടറി | 27 | 19 | 12979234 | 7123763 | 54.88 |
| 8 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 3300000 | 1690000 | 51.21 |
| 10 | ഹെഡ് മാസ്റ്റർ | 3 | 3 | 430000 | 314995 | 73.25 |
| 11 | അസി.സെക്രട്ടറി | 5 | 3 | 1829270 | 1527000 | 83.47 |
| 12 | അസി എഞ്ചിനീയർ | 118 | 100 | 57602621 | 42954008 | 74.56 |
| | ആകെ | 223 | 184 | 172082422 | 102439566 | 59.52 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 788640 | 788640 | 762617 | 26023 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56957695 | 56957695 | 56957695 | 0 |
| ആകെ | 0 | 57746335 | 57746335 | 57720312 | 26023 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 2021-22വർഷം നടത്തിയപ്രവൃത്തികളുടെ അവലോകനം

ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2021-2022 | 736 | 352 | 56 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2021-22

| ക്രമ നമ്പർ | ഇനം | |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 375 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 7486 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 2184 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 423 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 91.34 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 120321 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

3 എസ് സി/ എസ് ടി പങ്കാളിത്തം

| വർഷം | പഞ്ചായത്തിലെ ആകെ എസ് സി / എസ് ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ് സി/ എസ് ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ് സി | എസ് ടി | എസ് സി | എസ് ടി |
| 2021-22 | 236 | 452 | 131 | 536 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഉണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7204400 | 461 |
| തൊഴിൽ രഹിത വേതനം | 0 | 0 |
| വിധവാ പെൻഷൻ | 19210800 | 1260 |
| വാർദ്ധക്യ കാല പെൻഷൻ | 53481400 | 3843 |
| വികലാംഗ പെൻഷൻ | 5883600 | 381 |
| അവിവാഹിത പെൻഷൻ | 945600 | 62 |
| വിവാഹ ധനസഹായം(വിധവകളുടെ പെൺമക്കൾ) | 420000 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.22ന് ഉച്ചയ്ക്ക് ശേഷം 3 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 29962 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാന

പഞ്ചായത്തിൽ വാർഷിക കണക്കുമായി ബന്ധപ്പെട്ട ബേങ്ക് ബുക്കുകൾ, ബേങ്ക് പാസ് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും നല്ല രീതിയിൽ തയ്യാറാക്കുകയും ഓഡിറ്റിന് ലഭ്യമാക്കുകയും, ചെയ്തിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച മുൻ വർഷങ്ങളിൽ ലഭിച്ച തുകകൾ വിനിയോഗിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. ആസ്തികളുടെ മൂല്യം വ്യക്തമാക്കുന്നതിന് ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകം കാരണം വരുമാന നഷ്ടം ഉണ്ടാകുവാൻ ഇടയായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതാണ്.

സ്റ്റാഫ് മീറ്റിംഗുകൾ 6 പ്രാവശ്യം ചേർന്നിട്ടുണ്ടെങ്കിലും യോഗ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ മാസങ്ങളിലും യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വസ്തു നികുതി നിരക്ക് നിശ്ചയിച്ചതിൽ അപാകം-വസ്തുനികുതി ഈടാക്കിയതിൽ ₹32702 യുടെ കുറവ്

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം (നം.7133/11 തി:28.9.11) പ്രകാരം ഗ്രാമപഞ്ചായത്ത് ചില ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നിരക്കും സഞ്ചയയിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിരിക്കുന്ന നിരക്കും തമ്മിൽ വ്യത്യാസം ഉണ്ടെന്ന് കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉപയോഗക്രമം | അന്തിമ വിജ്ഞാപന പ്രകാരം നിശ്ചയിച്ച | സഞ്ചയ പ്രകാരമുള്ള |
|---|---|---|---|

| | | നിരക്ക് (/ച.മീ.) | നിരക്ക്(/ച.മീ.) |
|---|---|---|---|
| 1 | വാണിജ്യ ആവശ്യത്തിനുള്ള 200 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 50 | 40 |
| 2 | വാണിജ്യ ആവശ്യത്തിനുള്ളവ ബങ്കുകൾ പെട്ടിക്കടകൾ കമ്പ്യൂട്ടർ സെന്റർ ഫ്യൂവൽ സ്റ്റേഷൻ | 45 | 40 |
| 3 | വിദ്യാഭ്യാസ ആവശ്യം | 5 | 4 |
| 4 | ആശുപത്രികൾ | 6 | 4 |
| 5 | റിസോർട്ടുകൾ | 80 | 90 |
| 6 | അമ്യൂസ്മെന്റ് പാർക്ക് | 30 | 40 |

മേൽ കൊടുത്തിരിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ പരിശോധിക്കുകയുണ്ടായി.ചില കെട്ടിടങ്ങൾക്ക് നിരക്ക് വ്യത്യാസം വന്നതുകൊണ്ട് വസ്തു നികുതി ഈടാക്കുന്നതിൽ പ്രകടമായ കുറവ് വന്നിട്ടുണ്ട്.ആയവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട ഇനം | വാർഡ് | കെട്ടിട നം | പ്ലിൻത് ഏരിയ | വസ്തു നികുതി ഈടാക്കിയ നിരക്ക് (/ച.മീ) | ഈടാക്കുന്ന വസ്തു നികുതി | വസ്തു നികുതി ഈടാക്കേണ്ട നിരക്ക് (/ച.മീ) | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 1 | ഡോ. തോമസ് കായിത്തറ | ആശുപത്രി | 2 | 10 | 144 | 4 | 605 | 6 | 907 ((BT+20%-20%))+5%LC | 302 |
| 2 | ഡോ ശുഭ കെ കെ | ആശുപത്രി | 3 | 208 | 510 | 4 | 2571 | 6 | 3856 ((BT+20%))+ 5%LC | 1285 |
| 3 | എം കെ അമ്മിണി | ആശുപത്രി | 3 | 519 | 609.4 | 4 | 3456 | 6 | 5183 ((BT+35%))+ 5%LC | 1727 |
| 4 | സെക്രട്ടറി നമ്പർ 2605 എൻ എസ് എസ് കരയോഗം | ആശുപത്രി | 7 | 198 | 32 | 4 | 149 | 6 | 222 ((BT+20%-10%))+5%LC | 73 |
| 5 | പ്രസിഡണ്ട് ആലക്കോട് കോ ഓപ്പ് ഡിസ്പെൻസറി സൊസൈറ്റി ലിമി. | ആശുപത്രി | 7 | 492A | 2043 | 4 | 12443 | 6 | 18663 ((BT+45%))+ 5%LC | 6220 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 6 | ആലക്കോട് സഹകരണ ആശുപത്രി | ആശുപത്രി | 7 | 492 | 130 | 4 | 492 | 6 | 737 ((BT+20%-30%))+5%LC | 245 |
| 7 | ഡോ മാർത്താ തോമസ് | ആശുപത്രി | 7 | 776 | 340.8 | 4 | 1575 | 6 | 2363 ((BT+20%-10%))+5%LC | 788 |
| 8 | ഡോ സുധ | ആശുപത്രി | 7 | 791 | 100 | 4 | 504 | 6 | 756 ((BT+20%)+ 5%LC | 252 |
| 9 | പള്ളിക്കതയ്യിൽ ജോസ് പി ആൻറണി | ആശുപത്രി | 11 | 534C | 441.86 | 4 | 2228 | 6 | 3341 ((BT+20%)+ 5%LC | 1113 |
| 10 | ചെയർമാൻ മേരി മാതാ എഡ്യൂക്കേഷൽ ട്രസ്റ്റ് | സ്വകാര്യ കോളേജ് | 13 | 320A | 3011 | 4 | 0 | 5 | 18970 ((BT+20%)+ 5%LC | 18970 |
| 11 | എ എൻ പ്രദീപ് സെക്രട്ടറി ഔവ്വർ ഇൻറർനാഷണൽ എഡ്യൂക്കേഷൻ ആൻറ് ചാരിറ്റബിൾ ഫൌണ്ടേഷൻ | സ്വകാര്യ കോളെജ് | 19 | 244A | 950 | 4 | 4389 | 5 | 5486 ((BT+20%-10%))+5%LC | 1097 |
| 12 | പ്രസിഡണ്ട് വിൻസെൻഷൻ ഒറീസ്സ സൊസൈറ്റി | സ്വകാര്യ കോളെജ് | 19 | 390 | 420 | 4 | 1588 | 5 | 1985 ((BT+20%-30%))+5%LC | 397 |
| 13 | ബിനോ, കൊല്ലം പറമ്പിൽ | ഫ്യൂവൽ സ്റ്റേഷൻ | 3 | 528A1 | 37 | 40 | 1865 | 45 | 2098 ((BT+20%-30%))+5%LC | 233 |
| ആകെ | | | | | | | | | | 32702 |

വസ്തു നികുതി നിരക്ക് സഞ്ചയയിൽ തെറ്റായി ചേർത്തുകൊണ്ട് വസ്തുനികുതി ഇനത്തിൽ 2021-22 വർഷം ₹32702 യുടെ കുറവ് വന്നിട്ടുണ്ട്. ആയത് കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.മേൽ വിഭാഗത്തിൽ ഉൾപ്പെടുന്ന മറ്റുകെട്ടിടങ്ങൾക്കും വസ്തുനികുതി ഡിമാൻഡ് ചെയ്തതിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(27/28.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 അൺ എയിഡഡ് കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി ഡിമാൻഡ് ചെയ്തില്ല.₹60704 നഷ്ടം

2013ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും മാത്രമാണ് (കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ബിഎ പ്രകാരം (25-11-2012 തീയതി മുതൽ പ്രാബല്യം) വസ്തുനികുതി, സേവനഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്.സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേരി മാതാ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള മേരി മാതാ കോളേജ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി 2018-19 മുതൽ ഡിമാൻഡ് ചെയ്തതായി കാണുന്നില്ല. വിദ്യാഭ്യാസ ആവശ്യത്തിനുള്ള എയ്ഡഡ് സ്ഥാപനം എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം ഇതൊരു സ്വാശ്രയ കോളേജ് ആണ്.അൺഎയിഡഡ് കോളേജുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് നിലവിൽ വസ്തു നികുതിയിൽ ഇളവില്ല.ഇളവ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(26/28.12.22)മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 വരെ ₹60704 നഷ്ടം വന്നിട്ടുണ്ട്.ആയത് തിരികെ ഈടാക്കേണ്ടതാണ്.
ടി കെട്ടിടത്തിന് താഴെക്കൊടുത്തിരിക്കുന്ന നിരക്കിലാണ് 2017-18 വർഷം വരെ വസ്തു നികുതി ഈടാക്കിയിരുന്നത്.

| കെട്ടിടഉടമയുടെ പേര് | കെട്ടിടനമ്പർ (പുതിയത്) | തറവിസ്തീർണ്ണം | (ഈടാക്കേണ്ട വസ്തുനികുതി (20% വർധനവ്)) +5% ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|
| ചെയർമാൻ,മേരി മാതാ എഡ്യുക്കേഷണൽ ട്രസ്റ്റ്,ആലക്കോട്,വാർഡ്-13 | 320 A | 3011 ച.മീ. | 3011X4= 12044+2408.8=14453+723 | 15176 |

സഞ്ചയ ഫോം.6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴത്തെനിലയിൽ 3011 ച.മീറ്ററാണ്.എന്നാൽ വെബ്സൈറ്റ് പ്രകാരം കോളേജ് 3 നിലകളുള്ള കെട്ടിടമാണ്.3011 ച.മീറ്റർ എന്നത് ആകെ വിസ്തീർണ്ണമാണോയെന്നതിൽ വ്യക്തത വരുത്തേണ്ടതാണ്.
ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം(നം.എ2-7133/11 തി:28.09.11) പ്രകാരം വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന് ഒരു ചതുരശ്ര മീറ്ററിന് ₹5 നിരക്കിലാണ് ഈടാക്കേണ്ടത്.എന്നാൽ 2017-18 വരെ ഈടാക്കിയത് ₹4 നിരക്കിലാണ്.കുറഞ്ഞ നിരക്കിൽ ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല.ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി.

സ.ഉ(എം.എസ്.)നം.358/2015/ത.സ്വ.ഭ.വ. തി:16.12.15 പ്രകാരം 60 ച.മീ. വരെ വിസ്തീർണ്ണമുള്ള വീടുകളെ മാത്രമാണ് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും 2013 വർഷം മുതൽ വസ്തു നികുതി ഡിമാൻഡ് ചെയ്തതായി കാണുന്നില്ല. വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട | പ്ലിൻത് | ഉപയോഗക്രമം |
|---|---|---|---|---|---|

| നം | | | നം. | ഏരിയ (ച.മീ.) | |
|---|---|---|---|---|---|
| 1 | മാണി മത്തായി | 8(OTTATHAI) | 145 | 62 | വീട് |
| 2 | മാത്യു | 10(NELLIKKUNNU) | 377 | 62 | വീട് |
| 3 | ചാത്രക്കുഴിവീട്ടിൽ ശശി | 15(NELLIPPARA) | 601 | 63 | വീട് |
| 4 | ജെസ് ലറ്റ് | 13(NARIYAMPARA) | 87 | 63.05 | വീട് |
| 5 | പുലിക്കിരി ചെമ്മരത്തി | 12(KOOLAMBI) | 340 | 64 | വീട് |
| 6 | കൈതമല വർഗ്ഗീസ് | 12(KOOLAMBI) | 462 | 64 | വീട് |
| 7 | പേഴംകാട്ടിൽ ഫ്രാൻസിസ് | 17(NEDUVODE) | 278 | 64 | വീട് |
| 8 | ബിജു,വെച്ചൂക്കുന്നേൽ | 1(CHITTADI) | 241A | 65 | വീട് |
| 9 | പണ്ണേരി ചന്ദ്രിക | 12(KOOLAMBI) | 205 | 65 | വീട് |
| 10 | പൂമംഗലോരകത്ത് സുഹറാബി | 5(PARAPPA) | 14 | 66 | വീട് |
| 11 | പുലിക്കിരി കേളൻ | 12(KOOLAMBI) | 219 | 66 | വീട് |
| 12 | മുരിക്കോളി നാരായണൻ | 19(THIMIRI) | 27 | 66 | വീട് |
| 13 | കരുണാകരൻ നായർ | 7(ALAKODE) | 829 | 66.4 | വീട് |
| 14 | ചെരുവിൽ ലിസി ജയിംസ് | 8(OTTATHAI) | 288 | 67 | വീട് |
| 15 | കോളിയാട്ട് രാധാകൃഷ്ണൻ | 19(THIMIRI) | 313 | 67 | വീട് |
| 16 | കാനപ്പുറത്ത് രവീന്ദ്രൻ | 15(NELLIPPARA) | 234 | 67.5 | വീട് |
| 17 | ഫ്രാൻസിസ് | 10(NELLIKKUNNU) | 146A | 68 | വീട് |
| 18 | വിറകൊടിയനാൽ ഇട്ടി അവിര | 12(KOOLAMBI) | 194 | 68 | വീട് |
| 19 | പയ്യംപള്ളിൽ മേരി | 12(KOOLAMBI) | 399 | 69 | വീട് |
| 20 | കണ്ണാ മനോജ് | 13(NARIYAMPARA) | 510 | 69.69 | വീട് |
| 21 | കൊച്ചുകരുർ അന്നക്കുട്ടി | 9(KAPPIMALA) | 304 | 70 | വീട് |
| 22 | ബേബി | 20(CHERUPARA) | 514 | 70 | വീട് |
| 23 | ജോസ്,കൊട്ടയാട് | 11(KAVUMKUDI) | 419 | 72 | വീട് |
| 24 | പാറയിൽ കുഞ്ഞുമോൻ | 14(KOTTAYAD) | 322 | 72 | വീട് |
| 25 | ജോസഫ് | 20(CHERUPARA) | 533 | 72 | വീട് |
| 26 | കുണയങ്ങോടൻ ദേവകി | 1(CHITTADI) | 65 | 73 | വീട് |
| 27 | കുന്നേൽ വർഗ്ഗീസ് | 11(KAVUMKUDI) | 589A | 73 | വീട് |
| 28 | തടത്തിൽ ക്ലാരമ്മ | 8(OTTATHAI) | 285 | 73.7 | വീട് |
| 29 | ജോയി | 10(NELLIKKUNNU) | 464 | 74 | വീട് |
| 30 | കല്ലാ അച്ചുതൻ | 14(KOTTAYAD) | 109 | 74 | വീട് |
| 31 | പുലിക്കിരി തിരുമ | 12(KOOLAMBI) | 347 | 75 | വീട് |
| 32 | ആക്കാട്ടുമുണ്ടയ്ക്കൽ തോമസ് | 5(PARAPPA) | 267A | 78 | വീട് |
| 33 | ഈത്തുരിക്കൽ ദേവസ്യ | 13(NARIYAMPARA) | 173 | 78.39 | വീട് |
| 34 | കുമാരിവർമ്മ | 7(ALAKODE) | 583 | 79 | വീട് |
| 35 | കാഞ്ഞിരമലയിൽ സന്ദീപ് കെ ജെ | 1(CHITTADI) | 528 | 80 | വീട് |
| 36 | ജോസഫ്,വാടക്കേതകിടിയേൽ | 8(OTTATHAI) | 367B | 80 | വീട് |
| 37 | തോമസ് കുറ്റിക്കാട്ടുകുന്നേൽ | 14(KOTTAYAD) | 304 | 80 | വീട് |
| 38 | കുമാരിവർമ്മ | 7(ALAKODE) | 590 | 83 | വീട് |
| 38 | കുമാരിവർമ്മ | 7(ALAKODE) | 584 | 83.2 | വീട് |
| 40 | പോത്തേര കമലാക്ഷി | 15(NELLIPPARA) | 644 | 84 | വീട് |
| 41 | കൊച്ചുപറമ്പിൽ മാത്യു | 5(PARAPPA) | 463 | 85 | വീട് |

| | | | | | |
|---|---|---|---|---|---|
| 42 | എരുമങ്ങലത്ത് ബിനോയ് ഫ്രാൻസിസ് | 10(NELLIKKUNNU) | 411 | 88 | വീട് |
| 43 | ചേണിച്ചേരി സി ജനാർദ്ദനൻ | 19(THIMIRI) | 567 | 90 | വീട് |
| 44 | സെബാസ്റ്റിൻ | 13(NARIYAMPARA) | 401 | 100 | വീട് |
| 45 | കുര്യൻ തോണിപ്പാറ | 14(KOTTAYAD) | 434 | 100 | വീട് |
| 46 | പാലക്കുടിയിൽ അഗസ്റ്റിൻ,പാലക്കുടിയിൽ | 20(CHERUPARA) | 165 | 110 | വീട് |
| 47 | ജോസഫ്,കാരിക്കാട്ടിൽ | 20(CHERUPARA) | 519 | 110 | വീട് |
| 48 | കുമാരി വർമ്മ | 7(ALAKODE) | 586 | 140 | വീട് |
| 49 | ബിനീഷ്,കുട്ടപ്പുളിമൂട് വടക്കേത്തട്ട് പുത്തൻവീട്ടിൽ | 15(NELLIPPARA) | 379 | 148 | വീട് |
| 50 | അന്നമ്മ,പൊത്തനാമല | 13(NARIYAMPARA) | 342 | 177.48 | വീട് |

മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഡിമാൻഡ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(11/26.12.22)മറുപടി ലഭ്യമാക്കിയിട്ടില്ല.ഒഴിവാക്കിയതിനുള്ള കാരണം ഉൾപ്പെടുത്താതെ സഞ്ചയയിൽ പൂജ്യം നികുതി രേഖപ്പെടുത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-13 പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതിയിൽ ഇളവ് നൽകി.

എ1-6968/21/22.9.21

2021-22 സാമ്പത്തിക വർഷത്തിൽ ശ്രീമതി ത്രേസ്യാമ്മ ജേക്കബ് എന്നവർക്ക് 'ഇതര വ്യവസായം' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 11/458K എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിൽ 116.14 ചതുരശ്ര മീറ്ററിനാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയ ഫോം 6 പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ദ്വിതീയ മേഖലയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. വസ്തുനികുതി നിർണയത്തിനായുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം മേൽ കെട്ടിടം സ്ഥിതി ചെയ്യുന്നത് അലക്കോട് -കരുവഞ്ചാൽ ഹൈവേയുടെ അരികിലാണ്. സ. ഉ. (അ)നം.20/11/ത. സ്വ. ഭ. വ. തി :14.1.11(SRO. 37/11) പ്രകാരം ആലക്കോട് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിവിധ സ്ഥലങ്ങളെ പ്രഥമ മേഖല,ദ്വിതീയ മേഖല , തൃതീയ മേഖല എന്നിങ്ങനെ തിരിച്ചിട്ടുണ്ട്(A2-7133/11 തി:28.9.11). പിഡബ്ല്യുഡി, ജില്ലാ പഞ്ചായത്ത് റോഡുകളുടെ ഇരുവശത്തേക്കും 300 മീറ്റർ വരെ പ്രഥമ മേഖലയിലാണ് ഉൾപ്പെടുന്നത്. അത് പ്രകാരം കരുവഞ്ചാൽ -ആലക്കോട് ഹൈവേയുടെ അരികിൽ സ്ഥിതി ചെയ്യുന്ന മേൽ കെട്ടിടം പ്രഥമ മേഖലയിലാണ് ഉൾപ്പെടേണ്ടത്.കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് ആനുവദിച്ചിട്ടുണ്ട്.കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(20/27.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.ഇളവ് അനുവദിച്ചത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കേണ്ടതാണ്.

## 1-14 റെഗുലറൈസേഷൻ ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു -₹1814 ഈടാക്കേണ്ടതാണ്.

ഫയൽ നം.A1-1135/2022

ശ്രീ.ജോജൻ ജോസഫ്, വണ്ടകത്തിൽ എന്നവർ പെർമിറ്റ് എടുക്കാതെ ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തിയായ, ക്വാർട്ടേഴ്സ് (A1 റെസിഡൻഷ്യൽ) വിഭാഗത്തിൽപ്പെട്ട, 129.48 ച. മീ.കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കുകയും പെർമിറ്റ് നമ്പർA1-BA(296155)/2021 തി : 29.11.21 പ്രകാരം ആയത് റെഗുലറൈസ് ചെയ്ത് തുടർ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ,ചട്ടം 92 പ്രകാരം പെർമിറ്റ് ഇല്ലാതെ നിർമ്മാണം തുടരുന്നവരുടെ കാര്യത്തിൽ പൂർത്തീകരിച്ച ഭാഗം രാജിയാക്കൽ ഫീസ് ഇടാക്കി ക്രമവൽക്കരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കാത്ത ഭാഗത്തിന് പെർമിറ്റ് ഫീസ് കൂടി ഈടാക്കി പെർമിറ്റ് അനുവദിക്കേണ്ടതുമാണ്. മേൽ കെട്ടിടത്തിന്റെ കാര്യത്തിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ പെർമിറ്റ് ഫീസ് ₹907(129.48*7)മാത്രമാണ് ഈടാക്കിയിരിക്കുന്നത്. രാജിയാക്കൽ ഫീസ് ₹1814(129.48*7*2) കൂടി ഈടാക്കാതെ നിർമ്മാണം ക്രമവൽകരിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.10/26.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രാജിയാക്കൽ ഫീസിനത്തിൽ ലഭ്യമാകേണ്ട ₹1814 ഈടാക്കേണ്ടതാണ്.

## 1-15 ക്രഷറിൽ പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾക്ക് മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല- ₹13325 യുടെ നഷ്ടം

ശ്രീ കെ.എഫ്.വർഗീസ്, മാനേജിംഗ് ഡയറക്ടർ കക്കറ ക്രഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ലൈസൻസിക്ക് കക്കറ ക്രഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്രഷർ പ്രവർത്തിപ്പിക്കുന്നതിനായി 2021-22 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. 5000 രൂപയാണ് ലൈസൻസ് ഫീസ് ആയി ഈടാക്കിയിരിക്കുന്നത്. എന്നാൽ മൂലധനനിക്ഷേപം കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. ലൈസൻസിനായി സമർപ്പിച്ച അപേക്ഷ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ലൈസൻസ് എന്നിവ പ്രകാരം 993.67KW ശേഷിയുള്ള വൈദ്യുത യന്ത്രങ്ങൾ മേൽ സ്ഥാപനത്തിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. 993.67KW എന്നത് 1332.52HP ക്ക് തുല്യമാണ്. എന്നാൽ ലൈസൻസിയിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 18, 19 പട്ടിക 3 പ്രകാരമുള്ള മോട്ടോർ റണ്ണിങ് ഫീസ്(₹13325) ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/28.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ കുറവു വന്ന തുക ₹13325 ഈടാക്കേണ്ടതാണ്.

## 1-16 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 238/22,ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ/ചെലവ് | ₹119838 (വികസന ഫണ്ട്) |
| ബിൽ റഫ. നം. & തീയതി | 211909520007005124/12.10.2021 |

ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/23.12.2022ന് ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ തുക അടവാക്കിയതിന്റെ രശീതിയാണ് ഹാജരാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-17 തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - പദ്ധതി നിർഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 144/22, തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ |
| അടങ്കൽ | ₹260400 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) |
| ചെലവ് | ₹260400 |
| ബിൽ നം. & തീയതി | 22101470/9.2.2022 - ₹113274<br>353/31.01.2022 - ₹130200<br>534/21.03.2022 - ₹130200 |

ഗ്രാമപഞ്ചായത്ത്, കെ എസ് ഇ ബിയുമായി നടത്തിയ സംയുക്ത പരിശോധന പ്രകാരം പഞ്ചായത്തിൽ 217 LED ബൾബുകളാണ് ഉള്ളതെന്നും ആയവ കരാർ കാലാവധി മുതൽ ഒരു വർഷത്തേക്ക് മുടക്കമില്ലാതെ തെളിയുന്നുവെന്ന് ഉറപ്പ വരുത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം ഒരു വിളക്കിന് ₹1200 രൂപ നിരക്കിൽ 217 LED ബൾബുകൾക്ക് ₹260400 വകയിരുത്തിയിട്ടുണ്ട്.

മേൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചത് പ്രകാരം 2 ടെണ്ടർ ലഭിക്കുകയും ഒരു വിളക്കിന് 1000 രൂപ ക്വാട്ട് ചെയ്ത സനിൽ ജോർജ്ജ്, മാമ്പള്ളി ഇലക്ട്രിക്കൽസ്, ചെറുപുഴ എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ സനിൽ ജോർജ്ജ് ഒരു വിളക്കിന് ആയിരം രൂപ ക്വാട്ട് ചെയ്ത പ്രകാരം 217 LED ബൾബുകൾക്ക് 217000

രൂപയാണ് ചെലവഴിക്കേണ്ടത്. എന്നാൽ 260400 രൂപ ചെലവ് ചെയ്തതായി കാണുന്നു. 43400 രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്.

2. 30.7.2021 ലെ 2/2(1) നം. തീരുമാന പ്രകാരം ശ്രീ സനിൽ ജോർജ്ജിന്റെ ടെണ്ടർ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും സെലക്ഷൻ നോട്ടീസ് നൽകിയതായോ കരാറിൽ ഏർപ്പെട്ടതായോ കാണുന്നില്ല. . 200രൂപയുടെ ബ്ലാങ്ക് മുദ്ര പത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

3. കരാർ ചമയ്ക്കാത്തതിനാൽ കരാറിന്റെ കാലാവധി എന്ന് തുടങ്ങിയെന്നോ എപ്പോൾ അവസാനിക്കുമെന്നോ വ്യക്തമല്ല.

4. മുദ്ര പത്രത്തിലെ തീയതി 23.9.2021 ആയതിനാൽ സപ്തംബർ മാസം കരാർ ആരംഭിച്ചാൽ തന്നെ സപ്തംബർ 2022 നാണ് കരാർ കാലാവധി അവസാനിക്കുക. എന്നാൽ മാർച്ച് 2022 ന് തന്നെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

5. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ, തെരുവ് വിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ, റിപ്പയർ & മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. കരാറുകാരന് നൽകിയ അവസാന ബില്ലിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി, ജി എസ് ടി എന്നിവ അടവാക്കിയതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/23.12.2022 ന് അതിവർഷവും പ്രതികൂല കാലാവസ്ഥയും ആയതിനാൽ കൂടുതൽ ബൾബുകൾ തകരാറിലായതിനാൽ ആയവ മുഴുവൻ റിപ്പയർ ചെയ്യണമെന്ന മെമ്പർമാരുടെ ആവശ്യാനുസരണം ടി വിഷയം വികസന സ്റ്റാന്റിംഗ് കമ്മറ്റി (തീരുമാനം നം. 1(2)/4.1.2022) ഭരണ സമിതിയോട് ശുപാർശ ചെയ്യുകയും ആയത് ഭരണ സമിതി അംഗീകരിക്കുകയും (തീരുമാനം നം. 1(2)/4.1.2022) ചെയ്തിട്ടുണ്ടെന്നും ആയത് പ്രകാരം 341 വിളക്കുകൾ റിപ്പയർ ചെയ്യുകയും ആയത് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. കൂടാതെ പ്രോജക്ട് അടങ്കലിൽ നിജപ്പെടുത്തി കരാറുകാരന് തുക നൽകിയതിനാൽ പഞ്ചായത്തിന് ധന നഷ്ടം ഉണ്ടായിട്ടില്ലെന്നും പദ്ധതി കാലാവധി 31.3.2022 വരെയായതിനാലാണ് മാർച്ചിൽ തന്നെ മുഴുവൻ തുകയും കൈമാറിയതെന്നും, മുദ്ര പത്രത്തിൽ കരാറുകാരൻ ഒപ്പുവെച്ചതിനാൽ കരാർ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ക്രമ നം.5,6 പ്രകാരമുള്ള വിവരങ്ങൾ ഇതോടൊപ്പം സമർപ്പിക്കുന്നുവെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും സംയുക്ത പരിശോധനാ റിപ്പോർട്ട്, കരാറുകാരന് നൽകിയ അവസാന ബില്ലിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി, ജി എസ് ടി എന്നിവ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണികൾക്കുള്ള കരാർ എന്ന പദ്ധതി രൂപീകരിക്കുമ്പോൾ തന്നെ അറ്റകുറ്റപണി നടത്തേണ്ട ബൾബുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കണക്കാക്കേണ്ടതും ടെണ്ടർ അംഗീകരിച്ച ശേഷം കരാറുകാരനുമായി കരാർ ചമയ്ക്കേണ്ടതും കരാറിൽ കാലാവധി കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ടവർ ഒപ്പ് വെയ്ക്കേണ്ടതുമാണ്. കരാറുകാരന് തുക അനുവദിക്കുമ്പോൾ തന്നെ നിയമാനുസൃത റിക്കവറികൾ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കേണ്ടതാണ്.

## 1-18 മൃഗാശുപത്രിയിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ -പ്ലാന്റ് സ്ഥാപിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്റ്റിന്റെ പേര് | മൃഗാശുപത്രിക്ക് ഇൻവെർട്ടർ വാങ്ങൽ |
| പ്രോജക്റ്റ് നം | 260/21-22 |
| അടങ്കൽ | 2,00,000മെയിന്റനൻസ് ഫണ്ട്(നോൺറോഡ്)<br>37000 തനത് ഫണ്ട് |
| ചെലവ് | 2,00,000മെയിന്റനൻസ് ഫണ്ട്(നോൺറോഡ്)<br>-ബിൽ നം.389/10.02.22<br>31000 തനത് ഫണ്ട്<br>-ബിൽ നം.52101440/7.3.22 |

ആലക്കോട് മൃഗാശുപത്രിക്ക് മുകളിൽ 2KW സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടിയാണ് മേൽ പ്രോജക്ട് . അനർട്ട് ആണ് നിർവഹണ ഏജൻസി.10% ഇൻസെന്റീവ് ഗുണഭോക്താവിന് തിരികെ ലഭിക്കും. അനർട്ട് ലഭ്യമാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് ,ഡിമാൻഡ് നോട്ടീസ് എന്നിവ പ്രകാരം ₹2,31,000 മുൻകൂറായി അനർട്ടിന് നൽകിയിട്ടുണ്ട്. 10% സർവീസ് ചാർജ് ഉൾപ്പെട്ടതാണ് മേൽ തുക. എന്നാൽ ഇതുവരെ സോളാർ പവർ പ്ലാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല.പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ തി:29.01.2018 ഖ.11ഡി(2) പ്രകാരം തദ്ദേശഭരണ സ്ഥാപനം ഡിപ്പോസിറ്റ് വർക്കുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂറായി നൽകാൻ പാടുള്ളൂ. എന്നാൽ അനർട്ടുമായി ഇത്തരത്തിൽ കരാറിൽ ഏർപ്പെടാതെയാണ് തുക കൈമാറിയിരിക്കുന്നത്. സോളാർ പവർ പ്ലാന്റ് നിർമ്മാണം ആരംഭിക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (21/27.12.22) അനെർട്ട് ഉപ ടെണ്ടർ വിളിച്ചപ്പോൾ മേൽ കൊടുത്തിരിക്കുന്ന എസ്റ്റിമേറ്റ് തുകയിൽ ഒരു സ്ഥാപനവും ടെണ്ടർ ക്വാട്ട് ചെയ്യാത്തതിനാലാണ് നിർവ്വഹണം ആരംഭിക്കാത്തതെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്നും അനെർട്ട് അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. സബ്സിഡി ഇനത്തിൽ ലഭിക്കേണ്ട 10% ഇൻസെന്റീവ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 പട്ടികജാതി വിഭാഗക്കാർക്കുള്ള ലൈഫ് ഭവന നിർമ്മാണം-അഡ്വാൻസ് തുക വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തേർത്തല്ലി സർക്കിൾ |
| പ്രൊജക്ട് നമ്പർ / പേര് | 37/22 ലൈഫ് ഭവന പദ്ധതി(പട്ടികജാതി) |
| അടങ്കൽ | ₹1382000വികസന ഫണ്ട്(എസ്.സി.പി.)<br>₹1600000സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹2172000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹2200000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ₹7354000 |
| ചെലവ് | ₹1372000 വികസന ഫണ്ട്(എസ്.സി.പി.)<br>₹120000-16/14.6.21<br>₹160000-77/30.7.21<br>₹40000-95/24.8.21<br>₹160000-107/7.9.21<br>₹100000-131/6.10.21<br>₹160000-146/25.10.21<br>₹60000-164/10.11.21<br>₹40000-173/25.11.21<br>₹77000-265/31.12.21<br>₹83000-303/11.1.22<br>₹112000-332/27.1.22<br>₹100000-358/1.2.22<br>₹40000-427/25.2.22<br>₹60000-431/25.2.22<br>₹60000-469/9.3.22 |

ആലക്കോട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് മേൽ പ്രൊജക്റ്റ് പ്രകാരം ലക്ഷ്യമിടുന്നത് . ഗുണഭോക്താക്കളുമായി വയ്ക്കുന്ന കരാർ പ്രകാരം അഡ്വാൻസ് വാങ്ങി ആറുമാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ 2 ലക്ഷം രൂപ കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേരും കൈപ്പറ്റിയ തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഒന്നാം ഗഡു/കൈപ്പറ്റിയ തിയതി | രണ്ടാം ഗഡു/കൈപ്പറ്റിയ തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബിജു പി.കെ | 40000/12.2.21 | 160000/25.1.21 |
| 2 | സന്ദീപ് കെ | 40000/18.3.21 | 160000/07.09.21 |
| 3 | സജീവൻ ഇ | 40000/12.2.21 | |

ഭവന നിർമ്മാണം പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(36/29.12.22)ബിജു പി.കെ,സജീവൻ ഇ എന്നിവർ അനാരോഗ്യം കാരണമാണ് നിർമ്മാണം പൂർത്തിയാക്കാത്തത് എന്നും നിലവിൽ നിർമ്മാണം തുടരുന്നുണ്ടെന്നും സന്ദീപ് കെ എന്ന ഗുണഭോക്താവ് രണ്ടാം ഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്നും ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഭവന പുനരുദ്ധാരണം (ജനറൽ) - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ – 400000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , ആലക്കോട് സർക്കിൾ |
| പ്രോജക്ട് നം. & പേര് | 148/22 ഭവന പുനരുദ്ധാരണം (ജനറൽ) |
| അടങ്കൽ | ₹2333152 (വികസന ഫണ്ട്)<br>₹1866848 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹4200000 |
| ചെലവ് | ₹2333152<br>₹1716848<br>₹4050000 |
| | ബിൽ നം. &തീയതി<br>142/21.10.21 – 200000<br>145/25.10.21 – 50000<br>149/1.11.21 – 350000<br>151/1.11.21 – 50000<br>170/19.11.21 – 150000<br>179/26.11.21 – 50000<br>180/26.11.21 – 150000<br>185/27.11.21 – 100000<br>196/7.12.21 – 150000<br>200/15.12.21 – 100000<br>240/21.12.21 – 400000<br>247/24.12.21 – 50000<br>276/31.12.21- 250000<br>275/31.12.21- 200000<br>290/10.01.22 – 83152<br>വൗച്ചർ നം. &തീയതി<br>22101617/7.3.22 – 66848 |

| | |
|---|---|
| | 22101618/7.3.22 – 300000<br>22101619/7.3.22 – 150000<br>22101620/7.3.22 – 400000<br>22101750/21.03.22 – 100000<br>22101751/21.03.22 – 350000<br>22101753/21.03.22 – 350000<br>4050000 |

1. സ.ഉ (കൈ) നം.22/2018/ തസ്വഭവ തീയതി 14.2.2018 ഖ.7.9.1പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പൊതു വിഭാഗത്തിന് പരമാവധി 75000 രൂപയും ഖ.7.9.6 പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ പൊതു വിഭാഗത്തിന് പരമാവധി 100000 രൂപയുമാണ് സബ്സിഡി ആയി അനുവദിക്കേണ്ടത്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ മേൽക്കൂര മാറ്റിയ പ്രവൃത്തി നടത്തിയതിന് 100000 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

I) റുഖിയ

Ii) ടോണി തോമസ്

Iii) സെബാസ്റ്റ്യൻ ടി ടി

Iv) പാറുക്കുട്ടി

V) കുഞ്ഞിരാമൻ

Vi) തങ്കമ്മ വി കെ

Vii) അമ്മിണി

Viii) തോമസ് ഡി

Ix)റോസമ്മ

X) ചേയിക്കുട്ടി

Xi) ഗീത വേണുഗോപാലൻ

Xii) കൃഷ്ണൻകുട്ടി

Xiii) പ്രസന്ന

Xv) സന്തോഷ് വർഗ്ഗീസ്

Xvi) അനീറ്റ

ആകെ 42 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ആയതിൽ 39 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുകയും 100000 രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താക്കളിൽ മേൽ പരാമർശിച്ച 16 പേർ മേൽക്കൂര മാറ്റിവെയ്ക്കുന്ന പ്രവൃത്തി ചെയ്യുകയും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 100000 രൂപ വീതം അനുവദിക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/29.12.2022 ന് മേൽക്കൂര പുനർ നിർമ്മിക്കുന്നതിന് പുറമേ ഭിത്തിയുടെ ഉയരം വർദ്ധിപ്പിക്കൽ, ഭിത്തി തേക്കൽ , നിലം കോൺക്രീറ്റ് തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും മേൽക്കൂരയുടെ പ്രവൃത്തി മാത്രം ഒരു ലക്ഷം രൂപയിൽ അധികം വാല്യുവേഷൻ വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് ചുരുക്കിയതിനാലാണ് ഇത്തരം അപാകം വന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എൽ എസ്ജി ഡി ഓവർസിയറുടെ മൂല്യ നിർണ്ണയ പ്രകാരം മേൽ ഗുണഭോക്താക്കൾ മേൽക്കൂര മാറ്റുന്ന പ്രവൃത്തിയാണ് പൂർത്തിയാക്കിയത്. ആയതിനാൽ മേൽ പരാമർശിച്ച 16 ഗുണഭോക്താക്കൾക്കും 75000 രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 400000 (16X25000) രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-21 ആലക്കോട് മോറാനി പാലം ഫീസിബിലിറ്റിക്ക് തുക നൽകൽ - ഫീസിബിലിറ്റി സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജക്ട് നം. & പേര് | 253/22, ആലക്കോട് മോറാനി പാലം ഫീസിബിലിറ്റിക്ക് തുക നൽകൽ |
| അടങ്കൽ | ₹500000 (തനത് ഫണ്ട്) |
| ചെലവ് | ₹136439 |
| ബിൽ നം. & തീയതി | 22101200/24.12.2021 - ₹50000<br>₹22101917/30.3.2022 - ₹86439 |

ആലക്കോട് മോറാനി പാലം നിർമ്മാണത്തിനായി ഫീസിബിലിറ്റി, സ്ട്രച്ചറൽ സ്റ്റബിലിറ്റി, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ തയ്യാറാക്കുന്നതിനായി കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെന്ററിനെ ചുമതലപ്പെടുത്തിയിരുന്നു.

ടി പദ്ധതിയുടെ ഫീസിബിലിറ്റി സാക്ഷ്യ പത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/23.12.2022) ₹86439 ചെലവ് ചെയ്ത് തയ്യാറാക്കിയ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ഫീസിബിലിറ്റി, സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 108/22, ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ |
| അടങ്കൽ | ₹500000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് | ₹475000 |
| ബിൽ നം. & തീയതി | 405/16.2.2022 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 5 പേർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം ചെയ്യുന്നതാണ് പദ്ധതി. സ്കൂട്ടർ ലഭിച്ച ഷിബു പെണ്ണാ, ശാന്ത വി ഡി, ബിന്ദു എന്നീ ഗുണഭോക്താക്കൾ ലൈസൻസ് എടുത്തതിന്റെ രേഖകൾ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ടി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/27.12.2022 ന് ചില സാങ്കേതിക കാരണങ്ങളാൽ ലൈസൻസ് എടുക്കാൻ വൈകി പോയെന്നും ഷിബു എന്ന ഗുണഭോക്താവിന് 7.1.2023 ന് ടെസ്റ്റിന് വേണ്ടി തീയതി ലഭിച്ചുവെന്നും മറ്റ് ഗുണഭോക്താക്കൾക്ക് ജനുവരി മാസം തന്നെ ടെസ്റ്റിന് തീയതി ലഭിക്കുമെന്ന് ഡ്രൈവിംഗ് സ്കൂളിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ലൈസൻസ് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 അങ്കണവാടികൾക്ക് കണ്ടെയ്നർ, പാത്രം, ഫർണ്ണിച്ചർ, കളിപ്പാട്ടം എന്നിവ വാങ്ങൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 212/2022 (Spill Over), അങ്കണവാടികൾക്ക് കണ്ടെയ്നർ, പാത്രം, ഫർണ്ണിച്ചർ, കളിപ്പാട്ടം |
| അടങ്കൽ | ₹150000 (MG-NR) |
| ചെലവ് | ₹149350 |
| ബിൽ നം. & തീയതി | 312/19.1.2022 |

1. ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്ക് 3 അലമാര, 3 കണ്ടെയ്നർ, 100 കസേര (50 വലുത്, 50 ചെറുത്) 38 ടൈ

സൈക്കിൾ എന്നിവ വാങ്ങി നൽകുന്നതാണ് പദ്ധതി. ആയതിലേക്കായി ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും അർജ്ജുൻ അസോസിയേറ്റ്സ്, അരിമ്പ്ര, മുല്ലക്കൊടി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് സാധനങ്ങൾ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. അർജ്ജുൻ അസോസിയേറ്റ്സിനേക്കാൾ കുറവ് തുക ക്വാട്ട് ചെയ്ത ഇന്നർസോൺ ഏജൻസീസ്, ചെറുവത്തൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കുവാനുള്ള കാരണം ഫയലിൽ നിന്നും വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അലമാര | കസേര | കണ്ടെയ്നർ |
|---|---|---|---|
| അർജ്ജുൻ അസോസിയേറ്റ്സ് | 6Ft.-₹12500 | വലുത്- ₹585 | 3Kg - ₹1400, 5Kg-'₹1450 |
| | 5Ft. -₹10000 | ചെറുത് - ₹380 | 7Kg- ₹1500, 10Kg - ₹1600 |
| | 4Ft. - ₹8000 | | 15Kg -₹1800, 20Kg - ₹2000 |
| ഇന്നർസോൺ ഏജൻസീസ് | 6Ft.-₹10500 | വലുത്- ₹390 | 3Kg - ₹1400, 5Kg- ₹1450 |
| | 5Ft. -₹9500 | ചെറുത് - ₹290 | 7Kg- ₹1500, 10Kg - ₹1550 |
| | 4Ft. - ₹8500 | | 15Kg -₹1600, 20Kg - ₹1650 |

അർജ്ജുൻ അസോസിയേറ്റ്സ് സപ്ലൈ ചെയ്ത സാധനത്തിന്റെ വില വിവരം ചുവടെ ചേർക്കുന്നു.

| സാധനം | എണ്ണം | തുക |
|---|---|---|
| അലമാര | 3 | 3X₹10000 =30000 |
| കസേര വലുത് | 50 | 50X₹585 =29250 |
| കസേര ചെറുത് | 50 | 50X₹380 = 19000 |
| കണ്ടെയ്നർ | 8 | 8X₹2000 = 16000 |
| ട്രൈസൈക്കിൾ | 38 | 38X₹1450 = 55100 |

ഇന്നർസോൺ ഏജൻസീസിൽ നിന്നും വാങ്ങിയിരുന്നെങ്കിലുള്ള വില വിവരം ചുവടെ ചേർക്കുന്നു.

| സാധനം | എണ്ണം | തുക |
|---|---|---|
| അലമാര | 3 | 3X₹9500 =28500 |
| കസേര വലുത് | 50 | 50X₹390 =19500 |
| കസേര ചെറുത് | 50 | 50X₹290 = 14500 |
| കണ്ടെയ്നർ | 8 | 8X₹1650= 13200 |

29.2.2020 ന് ചേർന്ന പ്രൊക്യൂയർമെന്റ് കമ്മറ്റി യോഗത്തിൽ 5പേരാണ് പങ്കെടുക്കേണ്ടത്. എന്നാൽ 3പേർ (പ്രസിഡന്റ്, രണ്ട് മെമ്പർമാർ) മാത്രമേ ഹാജരായിട്ടുള്ളൂ. അർജ്ജുൻ അസോസിയേറ്റ്സിന്റെ സാമ്പിളുകൾ യോഗം പരിശോധിച്ചുവെന്നും ഗുണമേന്മ ഉള്ളതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ആരും ഒപ്പ് വെച്ചിട്ടില്ല. ഏതൊക്കെ സ്ഥാപനങ്ങൾ സാമ്പിളുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയെന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2. പ്രോജക്ട് പ്രകാരം 3 കണ്ടെയ്നർ ആണ് വാങ്ങേണ്ടത്. എന്നാൽ 8 എണ്ണം വാങ്ങിയിട്ടുണ്ട്.

3. മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല

മേൽ പരാമർശിച്ച അപാകങ്ങൾക്ക് വിശദീകരണം / രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റേയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുകയായ ₹149350 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല

ജി ഒ (പി) നം.159/2021/ഫിൻ തീയതി 30.11.2021 പ്രകാരം 1.2.2022 പ്രാബല്യത്തിൽ ജീവനക്കാരുടെ പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ജീവനക്കാർ പഴയ നിരക്കിൽ തന്നെയാണ് എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത്. സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പ്രീമിയം തുകയിൽ വർദ്ധനവ് വരുത്തേണ്ടതാണ്.

## 1-25 ആയുർവ്വേദ ആശുപത്രിയിലെ കണ്ടിജൻറ് ചെലവുകൾ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 57/22, ആയുർവ്വേദ ആശുപത്രിയിലെ കണ്ടിജൻറ് ചെലവുകൾ |
| അടങ്കൽ | ₹1,50,000 മെയ്ൻറനൻസ് ഗ്രാൻറ് നോൺ റോഡ് |
| ചെലവ് | ₹1,50,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

ആയുർവ്വേദ ആശുപത്രിയിലെ കണ്ടിജൻറ് ചെലവുകൾ വഹിക്കുന്നതിനായി ബിൽ നം. 461/5-3-2022 പ്രകാരം ₹150000 മെയിൻറനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . മേൽ തുകയിൽ നിന്നും ₹31459 ആയുർവ്വേദ ആശുപത്രിയിലെ റിപ്പയർ വർക്കുകൾക്ക് വേണ്ടി ചെലവഴിച്ചതാണ്. സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018 ഖണ്ഡിക 8.8 പ്രകാരം കറൻറ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇൻറർനെറ്റ് ചാർജ്ജ് തുടങ്ങിയ ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിനാണ് തുക അനുവദിക്കുന്നത്. അനുവദിച്ച തുകയുടെ UC പഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. ചെലവിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടില്ല. കണ്ടിജന്റ് ചെലവുകൾക്ക് അനുവദിച്ച തുകയിൽ നിന്നും ഇപ്രകാരം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (30/22 തീയ്യതി.28-12-22) ക്കുള്ള മറുപടിയിൽ ആശുപത്രിയിലെ അടിയന്തിര പ്രാധാന്യമുള്ള മേൽ ചെലവുകൾ ആശുപത്രി വികസന സമിതിയുടെ തീരുമാന പ്രകാരമാണ് നടത്തിയിട്ടുള്ളത് എന്നും, തുടർന്ന് ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , കുടുംബാരോഗ്യ കേന്ദ്രം, തേർത്തല്ലി |
| പ്രോജക്ട് നം. & പേര് | 92/2022, തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹700000 (MG-NR) |
| ചെലവ് | ₹699996 |

| | |
|---|---|
| ബിൽ നം. & തീയതി | 22/21.6.2021 - ₹93502 പ്രധാൻമന്ത്രി ജൻ ഔഷധി<br>112/12.9.2021 - ₹31200 പ്രധാൻമന്ത്രി ജൻ ഔഷധി<br>113/12.9.2021 - ₹26400 പ്രധാൻമന്ത്രി ജൻ ഔഷധി<br>157/4.11.2021 - ₹418894 KMSCL<br>299/11.1.2022 - ₹130000 KMSCL |

KMSCL ന് നൽകിയ 130000 രൂപയിൽ 71729 രൂപയുടെ മരുന്ന് മാത്രം ലഭിച്ചതിന്റെ രേഖകളാണ് പരിശോധനയ്ക്ക് ലഭിച്ചത്. '₹58271 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/28.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 സാന്ത്വന പരിചരണം - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

സാന്ത്വനം പരിചരണവുമായി (പ്രോജക്ട് നം.89/22) ബന്ധപ്പെട്ട് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3,98,346 രൂപ ചുവടെ ചേർത്ത ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ബിൽ നം. & തീയതി | തുക | ലഭിച്ച മരുന്നുകളുടെ വില | ബാക്കി |
|---|---|---|---|
| 154/4.11.2021 | ₹148356 | ₹131082 | ₹17274 |
| 298/11.1.2022 | ₹149992 | ₹149992 | 0 |
| 211909520015014700080/<br>26.3.2022 | ₹99998 | ₹48334 | ₹51664 |
| ആകെ | ₹398346 | ₹329408 | ₹68938 |

₹68938 ടെ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഇല്ലെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.35/29.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങലിനായി തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ പേര് | ബിൽ നം/ തീയതി ഏജൻസിയുടെ വിവരം/നൽകിയ തുക | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|
| 54/22<br>വയോജനങ്ങൾക്ക് ആയുർവ്വേദപാക്കേജ്(വികസന ഫണ്ട് ,ജനറൽ) | 287/7.1.22<br>Managing Director,Pharmaceutical Corporation IM Kerala Ltd.<br>200000/- | ₹773 |
| 52/22<br>ആയുർവ്വേദ മരുന്ന് വാങ്ങൽ (മെയിൻറനൻസ് ഫണ്ട് നോൺ റോഡ്) | 286/7-1-22<br>Managing Director,Pharmaceutical Corporation IM Kerala Ltd.<br>1000000/- | ₹4388 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/28.12.22) ഔഷധിയിൽ സ്റ്റോക്കില്ലാത്തതിനാലാണ് മരുന്ന് ലഭ്യമാക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 അങ്കണവാടികൾ - ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ആലക്കോട് ഗ്രാമ പഞ്ചായത്തിൽ 38 അങ്കണവാടികളുണ്ട്. അവയുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൌതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികൾ | 38 |
| 2 | സ്വന്തം കെട്ടിടം ഇല്ലാത്തവ | 3 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 9 |
| 5 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | ഇല്ല |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 21 |
| 7 | ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്തവ | ഇല്ല |
| 8 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | ഇല്ല |

തദ്ദേശ സ്വയം ഭരണ (ഡിസി) വകുപ്പിന്റെ 3.9.2010 ലെ 39033/DC2/10/ തസ്വഭവ നം. സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര ധനസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികൾക്ക് കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ 21 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഇല്ലാത്തതും 9 അങ്കണവാടികൾ ചുറ്റുമതിൽ ഇല്ലാത്തതുമാണ്. മേൽ സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നതിലേക്കായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അൺ എയിഡഡ് കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി ഡിമാൻഡ് ചെയ്തില്ല.₹60704 നഷ്ടം

2013ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും മാത്രമാണ് (കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ബിഎ പ്രകാരം (25-11-2012 തീയതി മുതൽ പ്രാബല്യം) വസ്തുനികുതി, സേവനഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേരി മാതാ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള മേരി മാതാ കോളേജ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി 2018-19 മുതൽ ഡിമാൻഡ് ചെയ്തതായി കാണുന്നില്ല. വിദ്യാഭ്യാസ ആവശ്യത്തിനുള്ള എയ്ഡഡ് സ്ഥാപനം എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം ഇതൊരു സ്വാശ്രയ കോളേജ് ആണ്.അൺഎയിഡഡ് കോളേജുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് നിലവിൽ വസ്തു നികുതിയിൽ ഇളവില്ല.ഇളവ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(26/28.12.22)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 വരെ ₹60704 (15176*4)നഷ്ടം വന്നിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്.

### 2-2 വസ്തു നികുതി നിരക്ക് നിശ്ചയിച്ചതിൽ അപാകം-വസ്തുനികുതി ഈടാക്കിയതിൽ ₹32702 യുടെ കുറവ്

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം (നം.7133/11 തി:28.9.11)പ്രകാരം ഗ്രാമപഞ്ചായത്ത് ചില ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നിരക്കും സഞ്ജയയിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിരിക്കുന്ന നിരക്കും തമ്മിൽ വ്യത്യാസം ഉണ്ടെന്നു കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉപയോഗക്രമം | അന്തിമ വിജ്ഞാപന പ്രകാരം നിശ്ചയിച്ച നിരക്ക് (/ച.മീ.) | സഞ്ചയ പ്രകാരമുള്ള നിരക്ക്(/ച.മീ.) |
|---|---|---|---|
| 1 | വാണിജ്യ ആവശ്യത്തിനുള്ള 200 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 50 | 40 |
| 2 | വാണിജ്യ ആവശ്യത്തിനുള്ളവ ബങ്കുകൾ പെട്ടിക്കടകൾ കമ്പ്യൂട്ടർ സെന്റർ ഫ്യൂവൽ സ്റ്റേഷൻ | 45 | 40 |
| 3 | വിദ്യാഭ്യാസ ആവശ്യം | 5 | 4 |
| 4 | ആശുപത്രികൾ | 6 | 4 |

| | | | |
|---|---|---|---|
| 5 | റിസോർട്ടുകൾ | 80 | 90 |
| 6 | അമ്യൂസ്മെന്റ് പാർക്ക് | 30 | 40 |

മേൽ കൊടുത്തിരിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ പരിശോധിക്കുകയുണ്ടായി.ചില കെട്ടിടങ്ങൾക്ക് നിരക്ക് വ്യത്യാസം വന്നതുകൊണ്ട് വസ്തു നികുതി ഈടാക്കുന്നതിൽ പ്രകടമായ കുറവ് വന്നിട്ടുണ്ട്.ആയവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട ഇനം | വാർഡ് | കെട്ടിട നം | പ്ലിന്ത് ഏരിയ | വസ്തു നികുതി ഈടാക്കിയ നിരക്ക് (/ച.മീ) | ഈടാക്കുന്ന വസ്തു നികുതി | വസ്തു നികുതി ഈടാക്കേണ്ട നിരക്ക് (/ച.മീ) | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 1 | ഡോ. തോമസ് കായിത്തറ | ആശുപത്രി | 2 | 10 | 144 | 4 | 605 | 6 | 907 ((BT+20%-20%))+5%LC | 302 |
| 2 | ഡോ ശുഭ കെ കെ | ആശുപത്രി | 3 | 208 | 510 | 4 | 2571 | 6 | 3856 ((BT+20%))+ 5%LC | 1285 |
| 3 | എം കെ അമ്മിണി | ആശുപത്രി | 3 | 519 | 609.4 | 4 | 3456 | 6 | 5183 ((BT+35%))+ 5%LC | 1727 |
| 4 | സെക്രട്ടറി നമ്പർ 2605 എൻ എസ് എസ് കരയോഗം | ആശുപത്രി | 7 | 198 | 32 | 4 | 149 | 6 | 222 ((BT+20%-10%))+5%LC | 73 |
| 5 | പ്രസിഡണ്ട് ആലക്കോട് കോ ഓപ്പ് ഡിസ്പെൻസറി സൊസൈറ്റി ലി | ആശുപത്രി | 7 | 492A | 2043 | 4 | 12443 | 6 | 18663 ((BT+45%))+ 5%LC | 6220 |
| 6 | ആലക്കോട് സഹകരണ ആശുപത്രി | ആശുപത്രി | 7 | 492 | 130 | 4 | 492 | 6 | 737 ((BT+20%-30%))+5%LC | 245 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| 7 | ഡോ മാർത്താ തോമസ് | ആശുപത്രി | 7 | 776 | 340.8 | 4 | 1575 | 6 | 2363 ((BT+20%-10%))+5%LC | 788 |
| 8 | ഡോ സുധ | ആശുപത്രി | 7 | 791 | 100 | 4 | 504 | 6 | 756 ((BT+20%)+5%LC | 252 |
| 9 | പള്ളിക്കതയ്യിൽ ജോസ് പി ആൻറണി | ആശുപത്രി | 11 | 534C | 441.86 | 4 | 2228 | 6 | 3341 ((BT+20%)+5%LC | 1113 |
| 10 | ചെയർമാൻ മേരി മാതാ എഡ്യുക്കേഷൽ ട്രസ്റ്റ് | സ്വകാര്യ കോളെജ് | 13 | 320A | 3011 | 4 | 0 | 5 | 18970 ((BT+20%)+5%LC | 18970 |
| 11 | എ എൻ പ്രദീപ് സെക്രട്ടറി ഔവ്വർ ഇൻറർനാ ഷണൽ എഡ്യുക്കേഷൻ ആൻറ് ചാരിറ്റബിൾ ഫൌണ്ടേഷൻ | സ്വകാര്യ കോളെജ് | 19 | 244A | 950 | 4 | 4389 | 5 | 5486 ((BT+20%-10%))+5%LC | 1097 |
| 12 | പ്രസിഡണ്ട് വിൻസെൻഷൻ ഒറീസ്സ സൊസൈറ്റി | സ്വകാര്യ കോളെജ് | 19 | 390 | 420 | 4 | 1588 | 5 | 1985 ((BT+20%-30%))+5%LC | 397 |
| 13 | ബിനോ, കൊല്ലം പറമ്പിൽ | ഫ്യുവൽ സ്റ്റേഷൻ | 3 | 528A1 | 37 | 40 | 1865 | 45 | 2098 ((BT+20%-30%))+5%LC | 233 |
| ആകെ | | | | | | | | | | 32702 |

വസ്തു നികുതി നിരക്ക് സഞ്ചയയിൽ തെറ്റായി ചേർത്തതുകൊണ്ട് വസ്തുനികുതി ഇനത്തിൽ 2021-22 വർഷം ₹32702 യുടെ കുറവ് വന്നിട്ടുണ്ട്.ആയത് കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.മേൽ വിഭാഗത്തിൽ ഉൾപ്പെടുന്ന മറ്റുകെട്ടിടങ്ങൾക്കും വസ്തുനികുതി ഡിമാൻഡ് ചെയ്തതിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(27/28.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 രാജിയാക്കൽ ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു-₹1814 ഈടാക്കേണ്ടതാണ്.

ഫയൽ നം.A1-1135/2022

ശ്രീ.ജോജൻ ജോസഫ്,വണ്ടകത്തിൽ എന്നവർ പെർമിറ്റ് എടുക്കാതെ ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തിയായ, ക്വാർട്ടേഴ്സ് (A1 റെസിഡൻഷ്യൽ) വിഭാഗത്തിൽപ്പെട്ട, 129.48 ച. മീ.കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കുകയും പെർമിറ്റ് നമ്പർA1-BA(296155)/2021 തി : 29.11.21 പ്രകാരം ആയത് റെഗുലറൈസ് ചെയ്ത് തുടർ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ,ചട്ടം 92 പ്രകാരം പെർമിറ്റ് ഇല്ലാതെ നിർമ്മാണം തുടരുന്നവരുടെ കാര്യത്തിൽ പൂർത്തീകരിച്ച ഭാഗം രാജിയാക്കൽ ഫീസ് ഇടാക്കി ക്രമവൽക്കരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കാത്ത ഭാഗത്തിന് പെർമിറ്റ് ഫീസ് കൂടി ഈടാക്കി പെർമിറ്റ് അനുവദിക്കേണ്ടതുമാണ് .മേൽ കെട്ടിടത്തിന്റെ കാര്യത്തിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ പെർമിറ്റ് ഫീസ് ₹907(129.48*7)മാത്രമാണ് ഈടാക്കിയിരിക്കുന്നത്.രാജിയാക്കൽ ഫീസ് ₹1814(129.48*7*2) കൂടി ഈടാക്കാതെ നിർമ്മാണം ക്രമവൽകരിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.10/26.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.രാജിയാക്കൽ ഫീസിനത്തിൽ ലഭ്യമാകേണ്ട ₹1814 ഈടാക്കേണ്ടതാണ്.

## 2-4 ക്രഷറിൽ പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾക്ക് മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല- ₹13325 യുടെ നഷ്ടം

ശ്രീ കെ.എഫ്.വർഗീസ്,മാനേജിംഗ് ഡയറക്ടർ കക്കറ ക്രഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ലൈസൻസിക്ക് കക്കറ ക്രഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്രഷർ പ്രവർത്തിപ്പിക്കുന്നതിനായി 2021-22 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. 5000 രൂപയാണ് ലൈസൻസ് ഫീസ് ആയി ഈടാക്കിയിരിക്കുന്നത്. എന്നാൽ മൂലധനനിക്ഷേപം കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. ലൈസൻസിനായി സമർപ്പിച്ച അപേക്ഷ,ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ലൈസൻസ് എന്നിവ പ്രകാരം 993.67KW ശേഷിയുള്ള വൈദ്യുത യന്ത്രങ്ങൾ മേൽ സ്ഥാപനത്തിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. 993.67KW എന്നത് 1332.52HP ക്ക് തുല്യമാണ്. എന്നാൽ ലൈസൻസിയിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 18, 19 പട്ടിക 3 പ്രകാരമുള്ള മോട്ടോർ റണ്ണിങ് ഫീസ്(₹13325) ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(28/28.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ കുറവു വന്ന തുക ₹13325 ഈടാക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | 27.12.2022 മുതൽ 28.12.2022 വരെ | നം.കെ.എസ്.എ./കെ.എൻ.ആർ./ സി.12/20/23 തീയതി: 27-03-2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 220000 | 53/22 കിഴങ്ങു വർഗ്ഗ വികസന പദ്ധതി | 171248 | 48752(31-3-22 ന് സർക്കാർ തിരികെ എടുത്തു) |
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 69400 | 232/22 ഹരിത ഗ്രാമം പദ്ധതി | 69400 | 0 |
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 409150 | 110/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 409150 | 0 |
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 450000 | 40/22 ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 450000 | 0 |
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 1040000 | 86/22 ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 1040000 | 0 |
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 133867 | 263/22 തിമിരി സ്കൂൾ ടോയിലറ്റ് നിർമ്മാണം | 133867 | |
| ആകെ | 2273665 | | 2273665 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 252000 | 49/22 പച്ചക്കറി തൈ വിതരണം | 252000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 150150 | 60/22 ഇഞ്ചി മഞ്ഞൾ വനിത ഗ്രൂപ്പിന് | 150150 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 99998 | 89/22 സാന്ത്വന പരിചരണ പരിപാടി | 99998 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 375000 | 110/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 375000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 167200 | 213/22 ശാരീരിക മാനസിക വെല്ലുവിളി | 167200 | 0 |

| | | | | |
|---|---|---|---|---|
| | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 240000 | 40/22 ക്ഷീരകർഷക സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 240000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1690000 | 86/22 ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 1690000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 400000 | 160/22 പുളിയിലാം കുണ്ട് കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 400000 | 0 |
| ആകെ | 3374348 | | 3374348 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവർത്തികൾക്ക് വേണ്ടി നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | 5/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22100297 09/6/21 | 889248 | 0 | 889248 |
| കെഎസ്ഇബി | 140/22 വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ | 22100329 25/06/21 | 93516 | 0 | 93516 |
| കെഎസ്ഇബി | 140/22 വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ | 22100861 7/10/21 | 26484 | 0 | 26484 |
| കെഎസ്ഇബി | 5/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22100998 9/11/2021 | 300000 | 0 | 300000 |
| കെഎസ്ഇബി | 254/22 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 22101218 28/12/21 | 31392 | 0 | 31392 |
| കെഎസ്ഇബി | 140/22 വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ | 22101378 31.01.22 | 33594 | 0 | 33594 |
| കെഎസ്ഇബി | 140/22 വിവിധ | 22101379 | 194 | 0 | 194 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ | 31/01/2022 | | | |
| കെഎസ്ഇബി | 5/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22101508 14/02/2022 | 1189632 | 0 | 1189632 |
| കെഎസ്ഇബി | 5/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22101883 30/3/22 | 318600 | 0 | 318600 |
| ഗ്രൌണ്ട് വാട്ടർ വകുപ്പ് | സർവ്വേ ചാർജ്ജ് | 22101577 4/3/22 | 23220 (തനത് ഫണ്ട്) | 0 | 23220 |
| അനർട്ട് | 85/22 സോളാർ ഇൻവർട്ടർ പിഎച്ച്സി | 89/11/8/22 | 500000 | 491839 611839 | 8161 (സെക്രട്ടറി A/C ൽ തിരിച്ചടച്ചു) |
| | 85/22 സോളാർ ഇൻവർട്ടർ പിഎച്ച്സി | 122/ 02/10/21 | 120000 | | |
| അനർട്ട് | 260/22 സോളാർ ഇൻവർട്ടർ വെറ്റിനറി ഹോസ്പിറ്റൽ | 22101570 25/02/22 | 200000 | 0 | 200000 |
| അനർട്ട് | 260/22 സോളാർ ഇൻവർട്ടർ വെറ്റിനറി ഹോസ്പിറ്റൽ | 22101653 9/3/22 | 31000 (തനത് ഫണ്ട്) | 0 | 31000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം.

| വർഷം | വായ്പയുടെ ഉദ്ദേശ്യം, വായ്പ അനുവദിച്ച സ്ഥാപനം. | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | തൻ വർഷം ലഭിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻ വർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 2021-22 | ലൈഫ് ഭവന പദ്ധതി – കെ.യു.ആർ. ഡി.എഫ്.സി | ലഭ്യമാക്കിയിട്ടില്ല | 4425888 | 0 | 35,16,555 | 4,54,667 | - | 3061888 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം രൂപയുടെ സ്ഥിരനിക്ഷേപം നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | 1441370/- |

| | |
|---|---|
| ഷെയർ | |
| തൻവർഷം നിക്ഷേപിച്ച തുക | 90086/- (പലിശ) |
| ആകെ | 1531456/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ | 1531456/- |
| സ്ഥിരനിക്ഷപത്തിന്റെ വിവരം. | FD രശീത് നമ്പർ-104681<br>തീയതി 26-02-2022<br>അക്കൗണ്ട് നം.1063512000002/1<br>കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, ആലക്കോട് ശാഖ.<br>കാലാവധി തീയതി-26-02-2022<br>പലിശനിരക്ക്-6.25%<br>കാലാവധി തുക-1531456/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഈടാക്കിയതുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനമ്പർ തീയ്യതി |
|---|---|---|---|
| 2005-06 | 249 | ബാലകൃഷ്ണൻ ജെയിംസ് ജോസഫ് | 121010103553<br>14/1/2022 |
| 2020-21 | 2500 | നിഷാദ് കെ.എം. | 121010400017<br>06-1-22 |
| 2020-21 | 1250 | റോബിൻ മാത്യു | 121010400018<br>11/1/22 |
| 2019-2020 | 7786 | അസി.എഞ്ചിനീയർ | 121010102535<br>22-11-21 |
| ആകെ | 11785 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.13.4 | 2001-02 | 6 | സാമൂഹ്യ ജലസേചന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2004-05 | 3.13.1.7 | 2001-02 | 6,7,8 | പദ്ധതിവിഹിതം | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 85.3 | 2001-02 | 3.3 | തേയില കൊതുക് നിവാരണം. | സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2016-17 | 1 | 2014-15 | 2.3 | വസ്തു നികുതി | സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2 | 2014-15 | 2.1 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2.3 | 2015-16 | 2.3 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹127129112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹116906182 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 108545 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | .- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 400000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-10 | 32702 | - | ശ്രീ.പ്രസന്നകുമാർ എൻ .എൻ ,സെക്രട്ടറി |
| 1-11 | 60704 | - | ,, |
| 1-14 | 1814 | - | ,, |
| 1-15 | 13325 | - | ,, |
| ആകെ | 108545 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേര്/ഉദ്യോഗപ്പേര് |
|---|---|---|
| 1-20 | 400000 | ശ്രീ.മുഹമ്മദ് ബഷീർ, വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രസന്നകുമാർ എൻ .എൻ, സെക്രട്ടറി | സെക്രട്ടറി, ആലക്കോട് ഗ്രാമ പഞ്ചായത്ത് | നടുവിലെ മുറിയിൽ, കാരക്കയം, മണക്കടവ്.പി.ഒ |

| | | |
|---|---|---|
| ശ്രീ.മുഹമ്മദ് ബഷീർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ആലക്കോട് ഗ്രാമ പഞ്ചായത്ത് | കെ.പി ഹൗസ്,നെല്ലിക്കുന്ന്,പാത്തൻ പാറ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 (പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ/ കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | - |
| 2001-02 (പദ്ധതിവിഹിതം) | -----ടി---- | 3 | - |
| 2001-02 (പദ്ധതി വിഹിതം ഒഴികെ) | -----ടി---- | 1 | - |
| 2004-05 | -----ടി---- | 1 | - |
| 2007-08 | -----ടി---- | 1 | - |
| 2008-09 | -----ടി---- | 1 | - |
| 2009-10, 2010-11,2011-12 | -----ടി---- | 2 | - |
| 2012-13, 2013-14 | -----ടി---- | 1 | - |
| 2015-16 | -----ടി---- | 2 | - |
| 2016-17 | -----ടി---- | 4 | - |
| 2017-18 | -----ടി---- | 3 | - |
| 2018-19 | -----ടി---- | 1 | |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി13/1353/2021 തീയതി 13-12-2021 | 20 | - |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/ | 22 | |

| | | | |
|---|---|---|---|
| | സി13/1354/2021 തീയതി 13-12-2021 | | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 3-1

## Alakkode GP Receipt and Payment Statement

| | | | |
|---|---|---|---|
| Alakode Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32255798.00 |
| Cash | Cash | RP-40(a) | 211441.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1544009.00 |
| 130000000 | Rental income from Panchayat Properties | RP-3 | 40100.00 |
| 140000000 | Fees & User Charges | RP-4 | 770784.00 |
| 150000000 | Sale & Hire Charges | RP-5 | 374728.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 83714074.00 |
| 171000000 | Interest Earned | RP-9 | 751509.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21984141.00 |
| 350000000 | Other Liabilities | RP-36 | 584767.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 816.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 16.00 |
| 340000000 | Deposits Received | RP-34 | 24260.00 |
| 350000000 | Other Liabilities | RP-36 | 645418.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16687490.00 |
| 460000000 | Loans, Advances and Deposits | RP-47 | 7000.00 |
| | Grand total | | 159596351.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5579110.00 |
| 220000000 | Administrative Expenses | RP-12 | 911699.00 |
| 230000000 | Operations & Maintenance | RP-13 | 1408831.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 12676070.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23387534.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3367620.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 6939086.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 420000.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 21404692.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 43500.00 |
| 280000000 | Prior Period item | RP-26 | -68255.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 526093.00 |
| 350000000 | Other Liabilities | RP-36 | 10332134.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 827.00 |
| 280000000 | Prior Period Item | RP-26 | -5150.00 |
| 340000000 | Deposits Received | RP-34 | 23000.00 |
| 350000000 | Other Liabilities | RP-36 | 3812709.00 |
| 410000000 | Fixed Assets | RP-38 | 19421432.00 |
| 412000000 | Capital work in Progress | RP-40 | 133867.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 316464.00 |
| 460000000 | Loans, Advances and Deposits | RP-47 | 6274919.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 42391967.00 |
| Cash | Cash | RP-40(b) | 298202.00 |
| | Grand Total | | 159596351.00 |

## Annexure 3-2

## Income and Expenditure Statement.

| Alakode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 8970173.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 205133.00 |
| 140000000 | Fee & User Charges | I-4(b) | 1105149.00 |
| 150000000 | Sale & Hire Charges | I-5(b) | 380228.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 247540994.00 |
| 170000000 | Income from Investments | I-7 | 90086.00 |
| 171000000 | Interest Earned | I-8 | 751509.00 |
| 180000000 | Other Income | I-9 | 816.00 |
| | Total Income | | 259044088.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 16097376.00 |
| 220000000 | Administrative Expenses | I-11(b) | 982190.00 |
| 230000000 | Operations & Maintenance | I-12(b) | 1549914.00 |
| 240000000 | Interest & Finance Charges | I-13 | 827.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 18406260.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 83563289.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3629020.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 6939086.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 87145800.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 21404692.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 43500.00 |
| 272000000 | Depreciation | I-17(a) | 16726374.00 |
| | Total Expenditure | | 256488328.00 |
| | Gross Surplus/ Deficit of income over Expenditure | | 2555760.00 |
| 280000000 | Prior Period Item | I-18 | -223507.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2779267.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annexure 3-3
## Balance Sheet

| | | | |
|---|---|---|---|
| Alakode Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 16920302.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 558.00 |
| 312000000 | Reserves | B-3 | 181412571.00 |
| | Total Reserve & Surplus | | 198333431.45 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13328296.00 |
| | Total Grants, Contributions for Specific Purposes | | 13328296.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3061888.00 |
| | Total Loans | | 3061888.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 500592.00 |
| 350000000 | Other Liabilities | B-9 | 3232462.85 |
| | Total Current Liabilities and Provisions | | 3733054.85 |
| | TOTAL LIABILITIES | | 218456670.30 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 246541567.00 |
| 411000000 | Accumulated Depreciation | B-11 | -83246084.00 |
| 412000000 | Capital Work in Progress | B-11(a) | 285867.00 |
| | Total Fixed Assets | | 163581350.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1531456.00 |
| | Total Investments | | 1531456.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 472514.30 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 42690169.00 |
| 460000000 | Loans, Advances and Deposits | B-18 | 10181181.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 53343864.30 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 218456670.30 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.